# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3541 — 24/06/2013-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | എ | 2011 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച വിവരം അനുസരിച്ച് സംസ്ഥാനത്ത് ഭൂരഹിതരായ 10517 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിരുന്നു. എന്നാൽ വയനാട് ജില്ലയിൽ 2012 ൽ നടത്തിയ പുതുക്കിയ കണക്കെടുപ്പ് പ്രകാരം 6932 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരായും 4619 കുടുംബങ്ങൾ ഒരേക്കറിൽ താഴെ ഭൂമിയുള്ളവരായും 977 പേർക്ക് കുടുംബ ഓഹരി ലഭിക്കുവാൻ അർഹതയുള്ളവരായും കണ്ടെത്തിയിരുന്നു. വിശദവിവരങ്ങൾ **അനുബന്ധം** I ആയി ചേർക്കുന്നു. |
| ബി | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി | 1. ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ 512 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി വിതരണം നടത്തിയിട്ടുണ്ട്.<br>(2) കെ.എസ്.റ്റി. ആക്ട് പ്രകാരം 1305 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.<br>(3) വനാവകാശ നിയമപ്രകാരം 7225 പേർക്ക് 7067 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. |
| സി | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് കൃഷിഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി | മേൽ പരാമർശിച്ചിട്ടുള്ള മുഴുവൻ പേർക്കും താമസത്തിനും കൃഷി ചെയ്യുന്നതിനുമായിട്ടാണ് ഭൂമി ലഭ്യമാക്കിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

## ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 76 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 212 |
| 5 | കോട്ടയം | 206 |
| 6 | ഇടുക്കി | 453 |
| 7 | എറണാകുളം | 194 |
| 8 | തൃശ്ശൂർ | 74 |
| 9 | പാലക്കാട് | 1826 |
| 10 | മലപ്പുറം | 733 |
| 11 | കോഴിക്കോട് | 301 |
| 12 | വയനാട് | 4913 |
| 13 | കണ്ണൂർ | 170 |
| 14 | കാസർഗോഡ് | 1215 |
| | ആകെ | 10517 |

സെക്ഷൻ ഓഫീസർ